തൊഴിലവസരമെങ്കിലും സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു. ആയതിനാൽ 250 യൂണിറ്റുകൾ സ്ഥാപിക്കപ്പെടുമ്പോൾ ഏകദേശം 5000 തൊഴിലവസരങ്ങൾ നേരിട്ട് സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇപ്പോൾ കൃത്യമായി കണക്കാക്കാൻ കഴിയില്ല. ഒരു യൂണിറ്റിന് മുതൽ മുടക്കിന്റെ 25 ശതമാനം അതായത് പരമാവധി 7 ലക്ഷം രൂപവരെയാണ് നൽകാൻ കഴിയുന്നത്.

പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയാൻ നടപടി

13(*216) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. എ. കെ. ബാലൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരിസ്ഥിതി സംരക്ഷണത്തിന് അനുയോജ്യമായ എന്തെല്ലാം നയങ്ങളും പരിപാടികളുമാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പരിസ്ഥിതിക്ക് ഏറ്റവും ഭീഷണിയായിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളും റീസൈക്കിൾ ചെയ്യുവാൻ കഴിയാത്ത പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളും നിരോധിക്കാൻ സർക്കാർ തയ്യാറാവുമോ;

(സി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കും പ്ലാസ്റ്റിക് കവറുകൾക്കും പകരം പേപ്പർ ബാഗുകൾ ഉപയോഗിക്കുവാൻ ബോധവൽക്കരണ കാമ്പയിനുകൾ സംഘടിപ്പിക്കാൻ സർക്കാർ തയ്യാറാവുമോ;

(ഡി) സംസ്ഥാനത്തെ വാണിജ്യ വ്യാപാര സ്ഥാപനങ്ങളിൽ പേപ്പർ ബാഗുകളും കവറുകളും ഉപയോഗിക്കുവാൻ സർക്കാർ നിയമ നിർമ്മാണം നടത്താൻ തയ്യാറാവുമോ?

പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) സംസ്ഥാനത്തെ പരിസ്ഥിതി സംരക്ഷണത്തിന് ഉതകുംവിധം സമഗ്രമായ ഒരു പരിസ്ഥിതി നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ ചർച്ചയ്ക്കുശേഷം ഇത് അംഗീകരിച്ചു നടപ്പിലാക്കാവുന്നതാണ്. പരിസ്ഥിത സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക പരിസ്ഥിതി വകുപ്പ് രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഈ രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പരിസ്ഥിതി കൗൺസിൽ രൂപീകരിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

GPM.2/571/2015—7

LIBRARY. ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം വിജ്ഞാപനം ചെയ്ത "പ്ലാസ്റ്റിക് മാനുഫാക്ച്ചർ, സെയിൽ ആന്റ് യൂസേജ് റൂൾസ് 1999" അനുസരിച്ച് ഇരുപത് (20) മൈക്രോണിൽ താഴെ കനമുള്ളതും, 20 X 30 സെന്റിമീറ്ററിൽ താഴെ വിലപ്പമുള്ളതുമായ (തനതായതും പുന:ഉപയോഗം ചെയ്തതുമായ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള) പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉല്പാദനവും സംഭരണവും വിതരണവും വില്പനയും രാജ്യവ്യാപകമായി നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകളും പ്ലാസ്റ്റിക് ഷീറ്റുകളും അലങ്കാര പ്രദർശന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2002 സെപ്തംബർ 24-ലെ വിജ്ഞാപന പ്രകാരം നിരോധിച്ചിട്ടുണ്ട്.

(സി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കും പ്ലാസ്റ്റിക് കവറുകൾക്കും പകരം പേപ്പർ ബാഗുകൾ ഉപയോഗിക്കാവുന്ന രംഗങ്ങളിൽ അവ ഉപയോഗിക്കുവാൻ പ്രോത്സാഹനം കൊടുക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ വാണിജ്യ വ്യാപാരസ്ഥാപനങ്ങളിൽ പേപ്പർ ബാഗുകളും കവറുകളും ഉപയോഗിക്കുവാൻ കേന്ദ്ര ചട്ടങ്ങൾ നിലവിലുള്ളതിനാൽ പുതുതായി നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല.

ഗ്രാമവികസനരംഗത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

14(*217) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമവികസന പ്രവർത്തനരംഗത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് പദ്ധതി അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(സി) അനുവദിച്ച തുക യഥാസമയം വിനിയോഗിക്കാനാവാതെ ലാപ്സായിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കേന്ദ്ര സാമ്പത്തിക സഹായത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

LIBRARY ARCHIVES Kerala Legislative Assembly